ഒഴിവാക്കിയിരിക്കുകയാണ്. ഈ സ്ഥിതിവിശേഷം നിലനിൽക്കുന്നു. ഇത് മൽസ്യത്തൊഴിലാളി ക്ഷേമനിധിക്ക് അപകടം ഉണ്ടാക്കുന്നുവെന്ന് മാത്രമല്ല, കയർ കയറ്റുമതിക്കാരും ഈ സുപ്രീംകോടതി വിധി ഉപയോഗിച്ച് കേരളാ ഹൈക്കോടതിയിൽനിന്നും ക്ഷേമനിധിയിൽ തങ്ങൾ വിഹിതം അടയ്ക്കേണ്ടതില്ലെന്ന് വിധി സമ്പാദിച്ചിരിക്കുന്നു. കേരളത്തിലെ ഒട്ടുമിക്ക ക്ഷേമനിധിക്കും ഇത് അപകടകരമായി വരുന്നതുകൊണ്ട് സുപ്രീം കോടതി വിധി മറികടക്കുവാൻ ഫിഷറീസ് രംഗത്തെ കയറ്റുമതിക്കാർ ശ്രമിക്കുന്നു. കേരളത്തിലെ മൽസ്യത്തൊഴിലാളി ക്ഷേമനിധിയേയും മറ്റെല്ലാ ക്ഷേമനിധികളേയും സംരക്ഷിക്കുന്ന വിധത്തിൽ ആവശ്യമായ മേൽ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫസർ കെ. വി. തോമസ്): സർ, ബഹുമാനപ്പെട്ട സുപ്രീംകോടതിവിധി മറികടക്കുന്നതിനുവേണ്ടി തൊഴിൽ വകുപ്പുമന്ത്രി ചെയർമാനായി വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ക്യാബിനറ്റ് സബ് കമ്മിറ്റി രൂപീകരിച്ചു. ഞങ്ങൾ ഒരു ബിൽ തയ്യാറാക്കിയിട്ടുണ്ട്. ആ ബിൽ ലാ ഡിപ്പാർട്ടുമെന്റിന്റെ പരിഗണനയിലാണ്. വളരെ വേഗത്തിൽ അത് പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കും.

(14) പരവൂർ-മയ്യനാട്-ഇരവിപുരം തീരദേശ റോഡ് നിർമ്മാണം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, എന്റെ മണ്ഡലത്തിൽ പരവൂരിനെയും ഇരവിപുരം മണ്ഡലത്തിലെ മയ്യനാട്-ഇരവിപുരം പ്രദേശങ്ങളെയും ബന്ധിപ്പിക്കുന്നതാണ്. പരവൂർ-മയ്യനാട്-ഇരവിപുരം തീരദേശ റോഡ്. 1983-ലാണ് അവസാനമായി പണി നടത്തിയത്. 1998-ൽ പി.ഡബ്ല്യു.ഡി. പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചുവെങ്കിലും അത് പൂർത്തിയായില്ല. എൽ.ഡി.എഫ്. സർക്കാർ ഫിഷറീസ് വകുപ്പിന് കൈമാറിയതിനുശേഷം പണി നടന്നില്ല. ഏറ്റവും പ്രധാനപ്പെട്ട തീരദേശ മേഖലയുമായി ബന്ധിപ്പിക്കുന്ന മേഖലയാണ്. കോവളം-തിരുമുല്ലവാരം ടൂറിസം വികസനം ടി. കെ. ദിവാകരൻ വകുപ്പുമന്ത്രിയായിരുന്ന കാലം മുതലുള്ള സങ്കല്പമാണ്. എത്രയുംവേഗം തീരദേശ റോഡിന്റെ പണി ഫിഷറീസ് വകുപ്പ് പൂർത്തിയാക്കണം.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫസർ കെ. വി. തോമസ്): സർ, 75 ലക്ഷം രൂപ ചെലവ് വരുന്ന ഈ റോഡിന്റെ നിർമ്മാണം അടുത്ത സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്നതിനുവേണ്ട നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly